# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ആഞ്ചെല മെരിച്ചി




ഇറ്റലിയുടെ വടക്കുഭാഗത്തായി ലെസെൻസാനോ എന്ന പേരുള്ള ഒരു കൊച്ചുനഗരമുണ്ട്. ലംബാർഡിയുടെ തൊട്ടടുത്തായാണ് ഇത് സ്ഥിതി ചെയ്യുന്നത്. ലെസൻസാനോയിൽ 1474 മാർച്ച് മാസം ഇരുപത്തൊന്നാം തിയതിയായിരുന്നു ആഞ്ചെല മെരിച്ചിയുടെ ജനനം. ജോൺ, മെരച്ചി ദമ്പതികളായിരുന്നു അവളുടെ മാതാപിതാക്കൾ. മകളെ വിശുദ്ധിയിൽ വളർത്തണമെന്ന ഒരേ ഒരു ആഗ്രഹം മാത്രമാണ് അവർക്കുണ്ടായിരുന്നത്. ജീവിതമാതൃകയിലൂടെയും കൊച്ചു കൊച്ചു ഉപദേശങ്ങളിലൂടെയും അത് അവൾക്ക് പകർന്ന് കൊടുക്കാനും അവർക്ക് കഴിഞ്ഞു. വിശുദ്ധരെയും കന്യകളായ രക്തസാക്ഷികളെയും കുറിച്ച് കഥാരൂപത്തിൽ അറിയുകയായിരുന്നു ആഞ്ചെലായുടെ ഇഷ്ടവിനോദങ്ങളിലൊന്ന്. ബൈബിൾ കഥകളും സംഭവങ്ങളും അവളുടെ ആത്മീയജീവിതത്തിന്റെയും വളർച്ചയുടെയും ഭാഗമായി മാറി.

ചെറുപ്പത്തിൽ അവളുടെ പിതാവും കുടുംബവും ഗ്രേസേ എന്നു വിളിക്കപ്പെടുന്ന ഗ്രാമത്തിലേക്ക് താമസം മാറ്റി. ചെറിയ ഒരു വീടാണ് അവർക്കുണ്ടായിരുന്നത്. ഒരു മുറി മാത്രമുള്ള ഈ വീട്ടിൽ, അഞ്ചാമത്തെ വയസ്സിൽ തന്നെ ദിവ്യനാഥനോടുള്ള സ്നേഹത്താൽ ആഞ്ചെല ജ്വലിക്കുവാൻ തുടങ്ങി. ത്യാഗങ്ങളും പ്രായ്ശ്ചിത്ത പ്രവൃത്തികളും അവളുടെ ജീവിതത്തിൽ ധാരാളമുണ്ടായിരുന്നു. വെറും തറയിലാണ് അവൾ കിടന്നുറങ്ങിയിരുന്നത്. ഡോമിനിക് സാവിയോയെപ്പോലെ ചെറുപ്രായത്തിൽ തന്നെ വലിയ തീക്ഷ്ണതയാണ് ആഞ്ചെല പ്രാർത്ഥനയിൽ കാണിച്ചിരുന്നത്. മാതാപിതാക്കൾ എന്തെങ്കിലും കാരണവശാൽ പ്രാർത്ഥന ചൊല്ലുവാൻ മറന്നാൽ ആഞ്ചെല അവരെ പ്രാർത്ഥനയുടെ കാര്യം ഓർമ്മിപ്പിക്കുമായിരുന്നു. ഒരു ദിവസം ആഞ്ചെലെയുടെ പിതാവ് കഠിനമായ രോഗം ബാധിച്ച് കിടപ്പിലായി. ആ നാളുകൾ പിതാവിന്റെ കരങ്ങളിൽ പിടിച്ച് നിത്യജീവിതത്തെക്കുറിച്ചും പറുദീസയെക്കുറിച്ചുമൊക്കെ പിതാവിനോട് ആഞ്ചെല പറയുമായിരുന്നു. തന്റെ പിതാവിനെ മരണത്തിനായി ഒരുക്കുവാൻ പോലുമുള്ള ആത്മീയ പക്വത അവൾ ചെറുപ്രായത്തിൽ തന്നെ സമ്പാദിച്ചിരുന്നു. അങ്ങനെ വളരെ സന്തോഷത്തോടും പ്രത്യാശയോടും കൂടി ഈ ലോകത്തിൽ നിന്ന് കടന്നുപോകുവാൻ ആഞ്ചെല പിതാവിനെ സഹായിച്ചു. എങ്കിലും പിതാവിന്റെ മരണശേഷം അവരുടെ ജീവിതം അത്ര സുഗമമായിരുന്നില്ല.

ഒരു ദിവസം അവളുടെ ജ്യേഷ്ഠസഹോദരിയും പ്രത്യേക കാരണം കൂടാതെ രോഗബാധിതയായി മരിച്ചു.

സഹോദരിയെന്നതിനെക്കാളുപരി ആത്മീയ കാര്യങ്ങളിൽ ആഞ്ചെലായുടെ ലക്ഷ്യങ്ങളോട് ഏറ്റവും അടുപ്പം കാണിച്ച വ്യക്തിയായിരുന്നു അവളുടെ ജേഷ്ഠസഹോദരി. അവളുടെ മരണം ആഞ്ചെലയുടെ ആത്മീയ ജീവിതത്തെയും തെല്ലൊന്ന് ഉലച്ചു. സഹോദരി വളരെ വിശുദ്ധമായ ജീവിതമാണ് നയിച്ചിരുന്നത്. എങ്കിലും അന്ത്യകൂദാശകൾ സ്വീകരിക്കാതെ പെട്ടെന്നുള്ള അവളുടെ മരണം ആഞ്ചെലായെ വളരെ വേദനിപ്പിച്ചു. അവൾ തന്റെ സഹോദരിക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. ആഞ്ചെലായുടെ ജീവിതത്തിലെ ഏറ്റവും ആദ്യത്തെ ദർശനം തന്റെ സഹോദരി മാലാഖമാരോടൊപ്പം സ്വർഗത്തിലേക്ക് യാത്രയാകുന്നതായിരുന്നു. ഈ ദർശനം അവളുടെ ജീവിതത്തെ ആകമാനം സ്വാധീനിച്ചിരുന്നു. ആഞ്ചെലായുടെ അമ്മ കുലീന കുടുംബത്തിൽ പിറന്നവളായിരുന്നു. ആഞ്ചെലായുടെ സൗന്ദര്യം പ്രഭുകുമാരന്മാരെ ആകർഷിച്ചുതുടങ്ങി. അപ്പോൾ ദരിദ്രരായിരുന്നെങ്കിലും കുടുംബത്തിന്റെ പേരും പ്രശസ്തിയുമൊന്നും അസ്തമിച്ചിരുന്നില്ല. അനേകം വിവാഹാലോചനകൾ വന്നുതുടങ്ങി. ആഞ്ചെല അമ്മയോട് തന്റെ ആഗ്രഹം പറഞ്ഞു .

'ദിവ്യനാഥനായ യേശുവിനായി ജീവിതം സമർപ്പിക്കുകയാണ് തന്റെ ലക്ഷ്യം'. കുടുംബജീവിതത്തിലേക്ക് തനിക്കൊരു വിളി ലഭിച്ചിട്ടില്ലെന്നും അവൾ അമ്മയെ അറിയിച്ചു. ചെറുപ്പം മുതൽ തന്റെ കുഞ്ഞിന്റെ ആത്മീയ വളർച്ചയെ അടുത്തുവീക്ഷിച്ച ആ അമ്മയ്ക്ക് രണ്ടാമതൊന്ന് ചിന്തിക്കാനുണ്ടായിരുന്നില്ല. ആ ദിവസങ്ങളിൽ ആഞ്ചെലായുടെ അമ്മ സ്റ്റെയർ കെയ്സിൽ നിന്ന് കാൽവഴുതി വീഴുവാനിടയായി. വീഴ്ച ഗുരുതരമായിരുന്നു. ആഞ്ചെലയും മറ്റൊരു സ്ത്രീയും കൂടി അവരെ കിടക്കയിൽ കിടത്തി. അമ്മ അവളെ കരങ്ങളുയർത്തി ആശിർവദിച്ചു. ആരുമില്ലാതെ അനാഥയായ നീ, യേശുവിനെ കൂട്ടുപിടിക്കുക എന്നു പറഞ്ഞുകൊണ്ട് അവളുടെ അമ്മയും തന്റെ നിത്യസമ്മാനം വാങ്ങുവാനായി യാത്രയായി, മരണത്തിന് മുൻപ് തന്റെ സഹോദരനോട് ആഞ്ചെലയുടെ കാര്യങ്ങൾ നോക്കിക്കൊള്ളാൻ നിർദ്ദേശവും ആ അമ്മ നൽകിയിരുന്നു. അമ്മയുടെ സഹോദരനെത്തിയാണ് ശവസംസ്കാരചടങ്ങുകൾ ക്രമീകരിച്ചത്. പിതാവും മാതാവും സഹോദരിയുമെല്ലാം മരണമടഞ്ഞ് ജീവിതത്തിൽ ആരുമില്ലാതെ ഒറ്റയ്ക്കായതിന്റെ നൊമ്പരം വളരെ വലുതായിരുന്നു. എങ്കിലും തന്റെ പ്രിയപ്പെട്ടവർ സ്വർഗത്തിലേക്കാണല്ലോ പോയത് എന്നുള്ള ചിന്ത അവളെ ആശ്വസിപ്പിച്ചു.

ആഞ്ചെലയെ അമ്മയുടെ സഹോദരൻ തന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി. അവിടെ എല്ലാവരും അവളെ സ്നേഹിച്ചിരുന്നു. സാലോ ഗ്രാമത്തിലെ ജീവിതം ഒരു കാര്യത്തിൽ മാത്രമാണ് അവളെ വേദനിപ്പിച്ചത്. സ്വന്തം ഭവനത്തിലെ ദാരിദ്ര്യവും മിതത്വവുമൊന്നും അവിടെയില്ല. എല്ലാം ആവശ്യത്തിനുമധികം. ആഢംബരവും പ്രൗഢിയും ആഞ്ചെലായുടെ മനസ്സിനെ അസ്വസ്ഥപ്പെടുത്തി. വീണ്ടും പ്രഭുകുടുംബങ്ങളുടെയും അവിടെയുള്ള കുമാരന്മാരുടെയും കണ്ണുകൾ അവളുടെ നേരെ തിരിഞ്ഞു. അടുത്തുള്ള കർമ്മലീത്താ മഠം സന്ദർശിക്കുവാൻ തനിക്ക് അനുവാദം തരണമെന്ന് അവൾ അമ്മയുടെ സഹോദരനോട് ആവശ്യപ്പെട്ടു. അവിടെ പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപത്തിനു മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ, ദിവ്യനാഥനായ യേശുവിന് ജീവിതം സമർപ്പിക്കുവാൻ, പരിശുദ്ധ അമ്മ അവളോട് പറയുന്ന ഒരു സ്വരം അവൾ കേൾക്കുകയുണ്ടായി. തന്റെ ജീവിതത്തിൽ ഉടനീളം എങ്ങനെയാണ് ദൈവതിരുമനസ്സിന് താൻ കീഴ്വഴങ്ങിയതെന്നും യേശുവിന്റെ മരണത്തോടെ ഉണ്ടായ അനാഥത്വം അഭിമുഖീകരിച്ചതെന്നും പരിശുദ്ധ അമ്മ അവൾക്ക് പറഞ്ഞു കൊടുത്തു. അതുപോലെ യേശുവിനെ ഗാഢമായി സ്നേഹിക്കാൻ അമ്മ അവളോട് പറഞ്ഞു. തന്റെ സഹായവും സംരക്ഷണവും എന്നും കൂടെയുണ്ടാകുമെന്നും പരിശുദ്ധ അമ്മ അവൾക്ക് ഉറപ്പ് നൽകി.

ക്രിസ്തുവിന്റെ മണവാട്ടിയായിരിക്കുക എന്നാൽ ക്രൂശിതന്റെ മണവാട്ടിയാകുക എന്നാണെന്നും അത് സഹനത്തിന്റെയും സ്വയംശൂന്യവൽക്കരണത്തിന്റെയും പാതയാണെന്നും പരിശുദ്ധ അമ്മ അവളോട് പറഞ്ഞു. കുരിശിന്റെ താഴെ നിൽക്കുവാനുള്ള വിളിയാണ് സമർപ്പിതർക്ക് എപ്പോഴും നൽകപ്പെടുക. ലെസെൻസാനോയിലെ കൊച്ചുഭവനത്തിൽ അഭ്യസിച്ച പ്രാർത്ഥനകളും പ്രായശ്ചിത്തരീതികളും ഈ നാളുകളിലും അവൾ തുടർന്നു പോന്നു. ഓരോ ദിവസവും ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ അവളുടെ ഹൃദയം യേശുവിനോടുള്ള സ്നേഹത്താൽ നിറഞ്ഞു. ഈ സ്നേഹം ജീവിതംതന്നെ ക്രിസ്തുവിനു വേണ്ടി സമർപ്പിക്കണമെന്നുള്ള അതിയായ ആഗ്രഹം അവളിൽ നിറച്ചു. പ്രലോഭനങ്ങളും കുറവായിരുന്നില്ല. ഒരിക്കൽ പ്രലോഭകൻ മാലാഖയുടെ രൂപത്തിൽ അവൾക്ക് പ്രത്യക്ഷപ്പെട്ടു. പ്രഭാപൂർണനായ അവന്റെ തേജസ്സിൽ അവൻ അവളെ ആകർഷിച്ചു. ശരീരത്തിന്റെ അധമവികാരങ്ങളെ ഉണർത്തുന്ന ആ ദർശനം സത്യസന്ധമല്ലെന്ന് അവൾക്ക് തോന്നി. ദൈവികമായ ഒന്ന് ഒരിക്കലും നമ്മെ പാപത്തിന്

പ്രലോഭിപ്പിക്കുന്നില്ലല്ലോ. യേശുവിന്റെ നാമത്തിൽ നരകത്തിന്റെ അഗാധതയിലേക്ക് പോകുവാനും കുരിശിന്റെ കീഴിൽ ബന്ധിതമാകുവാനും പ്രഭാപൂർണനായ ആ വീണുപോയ മാലാഖയോട് അവൾ കൽപിച്ചു. ദൈവത്തിന്റെ മാലാഖയല്ല നീയെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു എന്നവൾ പറഞ്ഞു. പെട്ടെന്ന് ദർശനം അവസാനിക്കുകയും മാലാഖ മറയുകയും ചെയ്തു.

ആ നാളുകൾ മുതൽ തനിക്കുണ്ടാകുന്ന ദർശനങ്ങളെയും സന്ദേശങ്ങളെയും വളരെ വിവേകത്തോടെ വിവേചിച്ചറിയാനും സത്യസന്ധമായതിനെ മാത്രം സ്വീകരിച്ച് മറ്റുള്ളതിനെ തിരസ്കരിക്കുന്നതിനും അവൾ അത്യധികം ശ്രദ്ധ പുലർത്തി. തിന്മയുടെ സ്വാധീനം നഗരത്തെയും ഗ്രാമത്തെയും ഒന്നടങ്കം തെറ്റിലകപ്പെടുത്തിയ നാളുകളായിരുന്നു അത്. യുവജനങ്ങൾ വഴിതെറ്റിപ്പോകുന്നതും ധാർമ്മിക ചിന്തകൾ തകർക്കപ്പെടുന്നതും സാധാരണ സംഭവങ്ങളായി മാറി. ആഞ്ചെല തന്റെ പ്രാർത്ഥനാമുറിയിൽ കടന്ന് തിന്മയ്ക്കെതിരായുള്ള യുദ്ധം ആരംഭിച്ചു. പ്രാർത്ഥനയുടെ വലിയ കോട്ടകൾ തന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ജീവിതത്തിൽ ഉയർത്തുവാൻ അവൾ നിരന്തരം മുട്ടിന്മേൽ നിന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലും സംരക്ഷണവുമുണ്ടാകുന്നതിനായി ദൈവത്തിന്റെ സഹായം ചോദിച്ചുവാങ്ങുകയായിരുന്നു അവളുടെ ജീവിതലക്ഷ്യം തന്നെ. ഫ്രാൻസിസ്കൻ മൂന്നാം സഭയിൽ അംഗമായി ചേർന്ന ആഞ്ചെലായുടെ ജീവിതം കൂടുതൽ പ്രായശ്ചിത്ത പ്രവൃത്തികളിലേയ്ക്കും പ്രാർത്ഥനയിലേക്കും കടന്നു. വെറും തറയിൽ കിടന്നുറങ്ങുകയായിരുന്നു അവൾക്ക് ഇഷ്ടം. അൽപം ബ്രഡും കുറച്ചു വെള്ളവും മാത്രമായിരുന്നു സ്ഥിരം ഭക്ഷണം. പാവപ്പെട്ടവരെയും അശരണരെയും സഹായിക്കുന്നതിനും അവർക്ക് ആവശ്യമായത് നൽകുന്നതിനും അവൾ എന്നും മുന്നിലായിരുന്നു. എങ്കിലും യഥാർത്ഥ സന്യാസത്തിലേക്ക് മടങ്ങുവാൻ സമയമായി എന്ന് അവൾക്ക് തോന്നി.

അങ്ങനെ ഇരുപത്തിയാറാമത്തെ വയസ്സിൽ വീടിനെയും സുഹൃത്തുക്കളെയും സമ്പത്തിനെയും എല്ലാം ഉപേക്ഷിച്ച് ലാസെൻസാനയിലേക്ക് അവൾ യാത്രയായി. തിരികെ സ്വന്തം ഗ്രാമത്തിലെത്തിയ അവൾക്ക് വീടും താമസസ്ഥലങ്ങളുമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് വി. ഫ്രാൻസിസിനെപ്പോലെ ആഞ്ചെലായും തന്റെ സന്യാസജീവിതം ആരംഭിക്കുകയായിരുന്നു. സമ്പൂർണ സമർപ്പണത്തിന്റെയും പൂർണമായി ദൈവത്തിൽ ആശ്രയിക്കുന്നതിന്റെയും സന്തോഷം അവൾ അനുഭവിച്ചുതുടങ്ങി. ആ സമ്പൂർണ സമർപ്പണത്തിന് മുൻപിൽ സ്വർഗത്തിലെ മാലാഖമാർ സംഗീതത്തോടെ ഇറങ്ങിവന്നു. ദൈവസാന്നിധ്യവും വിശുദ്ധരുടെ കൂട്ടായ്മയും അവളുടെ കൂടെനടന്നു. ദൈവത്തിനായി സമർപ്പിക്കപ്പെട്ട ജീവിതത്തെ സ്വർഗം പരിപാലിക്കുകയും വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന കാഴ്ചയായിരുന്നു അത്. പക്ഷികളും മൃഗങ്ങളും മനുഷ്യരുമെല്ലാം അവളുടെ ചങ്ങാതിമാരായി. സ്വർഗത്തിന്റെ ദർശനങ്ങൾ അവളെ ധൈര്യപ്പെടുത്തി. ഈ ഭൂമിയും അതിലുള്ളവയും അവൾക്ക് വിലയുള്ളതായിരുന്നില്ല. ജീവിച്ചിരിക്കുമ്പോൾതന്നെ സ്വർഗത്തിൽ ആയിരിക്കുന്നതിന്റെ ആനന്ദം അവളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാക്കി. ദൈവത്തിന് അവളെക്കുറിച്ചുള്ള പദ്ധതികൾ തക്കസമയത്ത് സ്വർഗം അവൾക്ക് വെളിപ്പെടുത്തിക്കൊടുത്തുകൊണ്ടിരുന്നു.

ആവൃതിക്കുള്ളിൽ ഒതുങ്ങിക്കൂടിയ ഒരു സന്യാസ ജീവിതമായിരുന്നു ആഞ്ചെലായുടെ ആഗ്രഹം. എന്നാൽ ദൈവിക വെളിപ്പെടുത്തലനുസരിച്ച് ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഒരു പുതിയ സമൂഹത്തിന് രൂപം നൽകുവാനാണ് അവൾക്ക് നിർദേശം ലഭിച്ചത്. പ്രാർത്ഥനയും പ്രായശ്ചിത്തവും ആഗ്രഹിച്ച ആഞ്ചെല മറിച്ചിയ്ക്ക് ലഭിച്ച നിർദ്ദേശം പാവങ്ങളുടെയും അശരണരുടെയും ഇടയിൽ പ്രവർത്തിക്കുവാനാണ്.ആഞ്ചെലായും സഹോദരിമാരും ഒരു സന്യാസഭവനത്തിലെ അംഗങ്ങളായിരുന്നില്ല. പാവങ്ങളെയും രോഗികളെയും പരിചരിക്കുന്നതിനായി ഒരുമിച്ചുകൂടി പ്രവർത്തിക്കുന്ന ഒരു കൂട്ടം ഭക്തസ്ത്രീകൾ എന്ന രീതിയിൽ മാത്രമാണ് അവർ അറിയപ്പെട്ടിരുന്നത്. ഒരിക്കൽ മാന്തുവായിൽ വിശുദ്ധ ഓസാനാമിന്റെ തീർത്ഥാടന കേന്ദ്രത്തിലേക്ക് അവർ യാത്രയായി. തിരികെയെത്തിയപ്പോൾ പുതിയ പ്രവർത്തനമേഖലകൾ അവളുടെ മനസ്സിൽ ദൈവം വെളിപ്പെടുത്തി നൽകിയിരുന്നു. യുവജനങ്ങളെ സംഘടിപ്പിച്ച് ദൈവത്തിന്റെ സ്വരം കേട്ട് ജീവിക്കുന്നതിന് അവരെ അവൾ പ്രാപ്തരാക്കി. അവരിൽ അനേകർ വൈദിക ജീവിതത്തിലേക്കും സന്യാസ ജീവിതത്തിലേക്കും കടന്നുപോയി. ആ നാളുകളിൽ വിശുദ്ധനാട് സന്ദർശിക്കുന്നതിനും കർത്താവിന്റെ പാദമുദ്രകൾ പതിഞ്ഞ സ്ഥലങ്ങളിലൂടെ യാത്ര ചെയ്യുന്നതിനും അവൾക്ക് അവസരമൊരുങ്ങി. യേശുവിന്റെ അദ്ഭുത പ്രവർത്തനങ്ങളുടെ സ്ഥലവും ഗത്സമേനിൽ യേശു രക്തം വിയർത്ത പൂന്തോട്ടവുമെല്ലാം അവളുടെ

ആത്മീയ ജീവിതത്തിന് പുതിയ കരുത്ത് പകർന്നു. തനിക്കുവേണ്ടി തന്റെ ദിവ്യനാഥൻ ജീവൻ ബലിയായിക്കൊടുത്ത കാൽവരിയും അവളെ സ്പർശിച്ചു.

1525ൽ സഭ വിശ്വാസത്തെ പ്രതിയുള്ള ആക്രമണങ്ങൾ നേരിടുന്ന കാലമായിരുന്നു. മാർട്ടിൻ ലൂഥറും അനുയായികളും ജർമ്മനിയിൽനിന്ന് വർദ്ധിത വീര്യത്തോടെ തങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ച കാലഘട്ടം. പരിശുദ്ധ പിതാവ് എല്ലാ വിശ്വാസികളെയും റോമിലേക്ക് ക്ഷണിക്കുകയും റോമാസന്ദർശനം നടത്തുന്നവർക്ക് പ്രത്യേക ദണ്ഡവിമോചനം ഏർപ്പെടുത്തുകയും ചെയ്തു. പരിശുദ്ധ സിംഹാസനവും രക്തസാക്ഷികളുടെ ചുടുനിണം വീണ് സഭ വളർന്ന സ്ഥലങ്ങളും സന്ദർശിക്കുന്നത് ആഞ്ചെലായ്ക്കും സന്തോഷമുള്ള കാര്യമായിരുന്നു. ഈ സന്ദർശനവേളയിൽ പരിശുദ്ധ പിതാവിനെ കണ്ട് സംസാരിക്കുന്നതിനുള്ള അവസരവും അവൾക്ക് ലഭിച്ചു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരം റോമിലും തന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ആഞ്ചെലാ നിർബന്ധിതയായി. പിന്നീട് പ്രഷ്യയിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കപ്പെടേണ്ടി വന്നപ്പോൾ അവൾ തിരിച്ച് മടങ്ങുകയും ചെയ്തു. പ്രഷ്യയിൽ തിരികെയെത്തിയപ്പോൾ അവിടെ മുഴുവൻ പ്രൊട്ടസ്റ്റന്റ് ചിന്താഗതികൾ പടർന്നു പിടിച്ചിരുന്നു. വിഭജനങ്ങളും വഴക്കുകളും സർവ്വസാധാരണമായി. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രത്തെ അതിജീവിക്കുന്നതിനായി യഥാർത്ഥ ക്രിസ്തീയ വിദ്യാഭ്യാസം നൽകുന്നതിനുള്ള സ്കൂളുകൾ ആഞ്ചെലാ ആരംഭിച്ചു. ഒരിക്കലും ഉറങ്ങാത്ത സാത്താൻ ആയിരക്കണക്കിന് മിഥ്യാപഠനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വിശ്വാസത്തെ ആക്രമിക്കുമെന്ന് അവൾ വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകി. അതിനാൽ ജാഗ്രതയുള്ളവരായിരിക്കണമെന്നും പ്രാർത്ഥനയിൽ ദൈവഹിതം അന്വേഷിച്ച് മുന്നേറണമെന്നും അവരെ ആഞ്ചെല ഉദ്ബോധിപ്പിച്ചു.

പ്രത്യക്ഷത്തിൽ നന്മയുണ്ടെന്ന് തോന്നുന്ന ചിന്തകളിലൂടെ പോലും സാത്താൻ ദൈവമക്കളെ വഴിതെറ്റിക്കും. പ്രഭാപൂർണനായ ദൈവദൂതന്റെ വേഷം കെട്ടാൻ മടിക്കാത്തവനാണ് അവൻ. അവൻ കുത്തിനിറയ്ക്കുന്ന ആഴമായ അന്ധകാരത്തെ തിരിച്ചറിയുവാൻ നാം നമ്മുടെ വിശ്വാസത്തിന്റെ നേത്രങ്ങൾ തുറക്കേ ണ്ടിയിരിക്കുന്നു. ഈ നാളുകളിൽ പ്രാർഥനയുടെ കോട്ട ഉയർത്തുന്നതിനായി കന്യകമാരുടെ ഒരു സംഘത്തെ രൂപീകരിക്കുവാനും അങ്ങനെ സ്വർഗത്തിന്റെ സഹായത്തോടെ തിന്മകളെ പരാജയപ്പെടുത്തുവാനും ആഞ്ചെലയ്ക്ക് നിർദേശം ലഭിച്ചു. ദൈവം നൽകുന്ന നിർദേശങ്ങൾ സ്വീകരിക്കുവാൻ പ്രാർത്ഥനയോടെ നാം കാത്തിരിക്കാത്തതാണ് മഹനീയ സംരംഭങ്ങൾ ഫലമണിയാതിരിക്കുന്നതിനുള്ള കാരണങ്ങളിലൊന്ന്. ജീവിതത്തിലുടനീളം അനേകം വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനത്തെ വിശ്വാസത്തിൽ വളർത്തുന്നതിനും അവൾ പരിശ്രമിച്ചു. മരിക്കുന്നതിന് നാലു വർഷം മുൻപ് 1536ലാണ് കന്യകമാരുടെ പുതിയ കൂട്ടായ്മയ്ക്ക് അവൾ രൂപം കൊടുത്തത്.ഇത് യഥാർത്ഥത്തിൽ ഒരു സന്യാസസഭയായിരുന്നില്ലെങ്കിലും ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുമ്പോൾ പ്രത്യേകതരം വസ്ത്രം അവർക്ക് നൽകപ്പെട്ടിരുന്നു. വിശുദ്ധ ജീവിതം നയിക്കുവാനും അങ്ങനെ അനേകർക്ക് മാതൃക നൽകുവാനും ആഞ്ചെല അവരെ ഉദ്ബോധിപ്പിച്ചിരുന്നു.

ആഞ്ചെല മെരിച്ചി സ്ഥാപിച്ച സഭയുടെ ഇന്നത്തെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് യുവതികളെ പഠിപ്പിക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യുകയാണ്. 1544ൽ ആഞ്ചെലയുടെ മരണത്തിന് നാലു വർഷങ്ങൾക്ക് ശേഷം പരിശുദ്ധ പിതാവ് പോൾ മൂന്നാമൻ പാപ്പ ഈ സമൂഹത്തെ ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ട് പ്രഖ്യാപനം ഇറക്കി.നൂറുകണക്കിന് വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും ആഞ്ചെല മെരിച്ചിയുടെ ഭൗതികശരീരം അഴുകാതിരിക്കുന്നു. യാതൊരു ശാസ്ത്രീയ മാർഗങ്ങളും ഇതിനായി ഉപയോഗിച്ചിട്ടില്ല എന്നതിനാൽ അത് ഇന്നും വലിയൊരു അദ്ഭുതമായി അവശേഷിക്കുന്നു. 1930ൽ ഭൗതികശരീരം പുറത്തെടുത്തപ്പോൾ ജീവനുള്ള ഒരാളുടെ ശരീരം പോലെ യാതൊരു വ്യത്യാസവും ഇല്ലാതെയാണ് അത് കാണപ്പെട്ടത്. വളരെ മനോഹരമായിരുന്നു അവളുടെ മുഖം. എന്നാൽ അധികാരികളുടെ നിർദേശപ്രകാരം ശരീരം വൃത്തിയാക്കുന്നതിനുള്ള ശ്രമത്തിനിടയിൽ ശരീരം മുഴുവൻ കറുത്ത നിറം വ്യാപിക്കുകയും ഭൗതിക ശരീരത്തിന്റെ സൗന്ദര്യം ബാഹ്യമായി നഷ്ടപ്പെടുകയും ചെയ്തു. ആഞ്ചെലായുടെ ഭൗതികശരീരം കല്ലറയിൽ നിന്ന് പുറത്തെടുത്തപ്പോൾ എടുത്ത ഫോട്ടോ, ഈ വ്യത്യാസത്തിന് സാക്ഷ്യം വഹിക്കുന്നുണ്ട്.

1568ൽ നാകരണ നടപടികൾ ആരംഭിക്കുമ്പോൾ ആഞ്ചെലാ മരിച്ചിയെ വ്യക്തിപരമായി അറിയാവുന്ന അനേകർ ജീവിച്ചിരിക്കുന്നുണ്ടായിരുന്നു. 1768ൽ ആഞ്ചെല വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കും 1807ൽ

പന്ത്രണ്ടാം പീയൂസ് പാപ്പ അവളെ വിശുദ്ധരുടെ ഗണത്തിലേക്കും ഉയർത്തി. 'എനിക്കൊരു വിശുദ്ധയാകണം, കാരണം ഞാൻ യേശുവിനെ സ്നേഹിക്കുന്നു' എന്ന അവളുടെ വാക്കുകൾ നമ്മുടെ ഹൃദയത്തിലും എപ്പോഴും മുഴങ്ങികൊണ്ടിരിക്കട്ടെ. തിരുസ്സഭ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ സഭയെ ഉണർത്താൻ ദൈവത്തിന് മുൻപിൽ ഒരു വഴിയുണ്ട് -വിശുദ്ധർക്ക് ജന്മം നൽകുക. നമുക്കും വിശുദ്ധ ജീവിതത്തെ സ്നേഹിക്കുകയും അനേകർക്ക് അനുഗ്രഹമായി മാറുകയും ചെയ്യാം.

വിശുദ്ധ ആഞ്ചെല മെരിച്ചി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...